# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കൃഷിവകുപ്പിന് വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക

5955 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിവകുപ്പിന്റെ വിവിധ പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും എന്തു തുക നീക്കിവച്ചു; ഓരോ വർഷവും എന്തു തുക ചെലവഴിച്ചു; ഇത് ആകെ തുകയുടെ എത്ര ശതമാനം ;

(ബി) പ്രസ്തുത കാലയളവിൽ ചെലവഴിക്കപ്പെടാതെ ലാപ്സായ തുക എത്ര ; ചെലവഴിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് എന്തു തുക അനുവദിച്ചു ; എന്തുതുക ചെലവഴിച്ചു; എത്ര ശതമാനം ലക്ഷ്യം കൈവരിച്ചു ; എന്തു തുക ചെലവഴിക്കപ്പെടാതെ ലാപ്സായി ; കാരണം വിശദമാക്കാമോ ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കാര്‍ഷികരംഗത്തെ വളര്‍ച്ചയ്ക്കായി നടപടികള്‍</u>

5956 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആധുനിക സാങ്കേതിക വിദ്യയും, കാര്‍ഷികയന്ത്രങ്ങളും ഉപയോഗപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികള്‍ ആണ് സംസ്ഥാന കൃഷിവകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ;

(ബി) ആധുനിക കാര്‍ഷികയന്ത്രങ്ങള്‍ ചെറുകിട കര്‍ഷകര്‍ക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങള്‍ ആണ് സര്‍ക്കാര്‍ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പഴം ഉല്പാദനത്തില്‍ സ്വയം പര്യാപ്തത നേടുന്നതിനായി ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ ആവിഷ്കരിച്ചുനടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവില്‍ പഴവര്‍ഗ്ഗങ്ങളുടെ കൃഷി നടത്തിവരുന്ന കര്‍ഷകര്‍ക്ക് എന്തെല്ലാം പ്രോത്സാഹനങ്ങള്‍ ആണ് നല്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ പഞ്ചായത്തിലും യുവാക്കളെയും കര്‍ഷകരേയും ഒരുമിപ്പിച്ച് 'ഫാര്‍മേഴ്സ് ക്ലബ്' ആരംഭിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

(എഫ്) കാര്‍ഷിക മേഖലയിലെ പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിനും, പരിഹാരമാര്‍ഗ്ഗങ്ങള്‍ കണ്ടെത്തുന്നതിനും എം.എല്‍.എ മാരുടെ നേതൃത്വത്തില്‍ മണ്ഡലം കാര്‍ഷിക സമിതികള്‍ രൂപീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കാർഷികോൽപ്പന്ന വിപണന സൗകര്യങ്ങൾ</u>

5957 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്ന വിപണന സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവിലയും, സംഭരണ വിപണന സൗകര്യവും ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത് ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കിസാൻ കാർഡുകൾ

5958 ശ്രീ. എം. എ. വാഹീദ്
'' ഹൈബി ഈഡൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കിസാൻ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കാർഡുകൾ വഴി കർഷകർക്ക് ലഭ്യമാകുന്നത്?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

മാതൃകാ കർഷകർക്കുള്ള ധനസഹായ പദ്ധതി

5959 ശ്രീ. ആർ.സെൽവരാജ്
,, സി. പി. മുഹമ്മദ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്ജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത മാതൃകാ കർഷകർക്കായുള്ള സഹായപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം</u>

5960 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിക്ക് മൃഗസംരക്ഷണ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ</u>

5961 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി.എഫ്.പി.സി.കെ.യിലെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) വി.എഫ്.പി.സി.കെ.യിലെ അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദിവസവേതനക്കാരായി നിയമിച്ചവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ഡി) മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ ഉള്ളവരെ ആണോ നിയമിച്ചിട്ടുള്ളത് എന്നു പരിശോധിക്കുമോ;

(ഇ) അനധികൃത നിയമനങ്ങൾ ഒഴിവാക്കാനും മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിച്ചവരെ പിരിച്ചുവിടാനും തുടർന്നുള്ള നിയമനങ്ങൾ ക്രമപ്രകാരമാക്കാനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>അടുക്കള കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി</u>

5962 ശ്രീ. റ്റി. യു. കുരുവിള
'' തോമസ്സ് ഉണ്ണിയാടൻ
'' മോൻസ് ജോസഫ്
'' സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധയിനം പഴങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) അടുക്കള കൃഷിതോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പാക്കുമോ;

(സി) എങ്കിൽ വിത്തുകൾ, വളം എന്നിവ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കൃഷിവകുപ്പിന് അനുവദിച്ച തുക ചെലവഴിക്കുന്നതിൽ വീഴ്ച

5963 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും കൃഷി വകുപ്പിന് അനുവദിച്ച തുക ചെലവഴിക്കുന്നതിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം എത്രയായിരുന്നു; ഓരോ വർഷവും അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിനുള്ളിൽ കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി കൃഷി വകുപ്പിന് ലഭിച്ച തുക എത്ര; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വ്യക്തമാക്കുമോ;

(ഡി) അനുവദിക്കപ്പെടുന്ന തുക ചെലവഴിക്കാതെ കാർഷിക മേഖലയെ പിന്നോക്കാവസ്ഥയിലാക്കും വിധം നിലപാടുകൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>സോയിൽ ഹെൽത്ത് കാർഡ് വഴി ലഭ്യമാകുന്ന സൗജന്യങ്ങൾ</u>

5964 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാകണമെങ്കിൽ കർഷകർ ആരെയാണ് സമീപിക്കേണ്ടത്;

(ബി) എത്ര സെന്റ് വസ്തു ഉള്ള കർഷകനാണ് സോയിൽ ഹെർത്ത് കാർഡ് നൽകുന്നത്;

(സി) ഇതിനായി കർഷകർ മുടക്കേണ്ടുന്ന തുക എത്രയാണ്;

(ഡി) സോയിൽ ഹെൽത്ത് കാർഡുള്ള കർഷകന് കൃഷി ഭവനുകളിൽ നിന്നും എന്തൊക്കെ സൗജന്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം മൂലം കൃഷിനാശം</u>

5965 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുന്ന സഹായം അപര്യാപ്തമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>കാർഷിക ദിനാഘോഷം</u>

5966 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(ബി) നിറവ് പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ;

(സി) വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>മൊബൈൽ അഗ്രോ ക്ലിനിക്കുകൾ</u>

5967 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊബൈൽ അഗ്രോക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; എവിടെയെല്ലാം; ഇതിന്റെ പ്രവർത്തന മേഖലയും ഇതേവരെയുള്ള പ്രവർത്തനങ്ങളും സംബന്ധിച്ച് വിശദമാക്കുമോ;

(ബി) എത്ര വാഹനങ്ങൾ മൊബൈൽ ക്ലിനിക്കിനായി വാങ്ങിയിട്ടുണ്ട്;

(സി) പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം കൊണ്ട് എത്ര കർഷകർക്ക് പ്രയോജനങ്ങൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ

5968 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പരിഗണിക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതായി അറിയാമോ;

(സി) കാർഷിക മേഖലയിൽ തൊഴിലാളി ദൗർലഭ്യം പ്രധാന തടസ്സമായിരിക്കെ തൊഴിലുറപ്പുപദ്ധതിയുടെ സാധ്യത ഇക്കാര്യത്തിൽ പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

<u>കൃഷിയിറക്കാതെ കിടക്കുന്ന ഭൂമി</u>

5969 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ചെയ്യാതെ ധാരാളം ഭൂമി ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി ചെയ്യാതെ കിടക്കുന്ന ഇത്തരം ഭൂമികളിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി കൃഷി നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>മാരകമായ കീടനാശിനികളുടെ നിരോധനം</u>

5970 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ എത്രയാണ്; അവ ഏതെല്ലാം; എൻഡോസൾഫാന് നിരോധനം ഏർപ്പെടുത്തിയതെന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ചെക്ക് പോസ്റ്റുകളിൽ കീടനാശിനി കടത്ത് പിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് മാരകമായ കീടനാശിനികളുടെ വിതരണം തടയുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കാർഷികരംഗത്തെ നൂതനസങ്കേതങ്ങൾ</u>

5971

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹൈഡ്രോപോണിക്സ് ഉൾപ്പെടെയുള്ള ആധുനിക കാർഷിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും അത് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഹോർട്ടി കോർപ്പിന്റെ പ്രവർത്തനങ്ങൾ</u>

5972 ശ്രീ.പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന് എല്ലാ സമയങ്ങളിലും വിപണിയിൽ ഇടപെടാൻ അധികാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ പൂർണ്ണമായി സംഭരിക്കുന്നതിനും അവ വിപണിയിൽ കൂടി ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിവരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഹോർട്ടിമിഷന്റെ ആഭിമുഖ്യത്തിൽ</u>
<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

5973 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടിമിഷന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആഡിറ്റിംഗിൽ പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള ക്രമവിരുദ്ധമായ നടപടികൾ പരാമർശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതിയുടെ ഏതൊക്കെ നടത്തിപ്പിലാണ് ക്രമക്കേടുകൾ നടന്നതായി പരാമർശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>അഗ്രോ സർവ്വീസ് സെന്ററുകൾ</u>

5974 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്രോ സർവ്വീസ് സെന്ററുകളിൽ നിന്ന് കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് നിലവിൽ അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതിയതായി എത്ര സെന്ററുകൾ ആരംഭിക്കുന്നുണ്ടെന്നും അവ ഏതെല്ലാം ബ്ലോക്കുകളിലാണെന്നും അറിയിക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ താനൂർ നിയോജക മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>ഗ്രീൻ ഹൗസുകൾ</u>

5975 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സഹായത്തോടെ പഞ്ചായത്തുകളിൽ അനുവദിച്ച ഗ്രീൻ ഹൗസുകളിൽ കൃഷി ആരംഭിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഗ്രീൻ ഹൗസുകളുടെ നിർമ്മാണത്തിന് സാങ്കേതിക ഉപദേശം നൽകുന്നത് ആരാണ്;

(സി) ഇവർ ഇക്കാര്യത്തിൽ വിദഗ്ദ്ധരാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി</u>

5976 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രീൻഹൗസുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) മലപ്പുറം മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഗ്രീൻഹൗസുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും എവിടെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഹൈടെക് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഗ്രീൻഹൗസുകൾ സ്ഥാപിക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഗ്രീൻ ഹൗസുകൾ നിർമ്മിക്കാൻ അനുവദിച്ച തുക</u>

5977 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൗസുകൾ നിർമ്മിക്കാൻ കർഷകർക്ക് ആകെ എത്ര തുക അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിന് അനുവദിക്കുന്ന സബ്സിഡി സംബന്ധിച്ച് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ്</u>

5978 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ് സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസ് സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കാർഷിക വായ്പാ കുടിശ്ശികയ്ക്ക് മോറട്ടോറിയം</u>

5979 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് മുൻസർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയം ഇപ്പോഴും നിലവിലുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ, ജപ്തി ഭീഷണി നേരിടുന്ന കർഷകരെ രക്ഷിക്കാൻ എന്തു നടപടികളാണ് കൈക്കൊള്ളേണ്ടതെന്നറിയിക്കുമോ;

(സി) കാർഷിക വായ്പയെടുത്ത് തിരിച്ചടവിനു ശേഷിയില്ലാത്ത ചെറുകിട കർഷകരുടെ മേൽ സമ്മർദ്ദം ചെലുത്തുന്ന ബാങ്ക് അധികൃതർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കര്‍ഷക കടാശ്വാസ കമ്മീഷന്‍</u>

5980 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കര്‍ഷക കടാശ്വാസ കമ്മീഷന്‍ മുഖേന ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കര്‍ഷകര്‍ക്ക് വേണ്ടി സ്വീകരിച്ച ആശ്വാസനടപടികള്‍ എന്തെല്ലാമെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

5981 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ എത്രമാത്രം തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**07.07.2014–ലെ മറുപടിക്ക്**

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

5982 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ചു എന്നും പ്രസ്തുത തുക കർഷകർക്ക് ലഭ്യമാക്കിയോ എന്നും വിശദമാക്കാമോ;

(ബി) കർഷക കടാശ്വാസ കമ്മീഷന് നടപ്പുവർഷം ബജറ്റിൽ എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) കർഷക കടാശ്വാസ കമ്മീഷന് ഏത് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകരുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>മിഷൻ 676 -കുട്ടനാട്ടിലെ പദ്ധതികൾ</u>

5983 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 വഴി കുട്ടനാട്ടിൽ കൃഷിവകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) 'നിറവ് പദ്ധതി,' 'ലീഡ്സ് പദ്ധതി,' അഗ്രോ സർവ്വീസ് സെന്ററുകൾ, വിദ്യാലയങ്ങൾക്കുള്ള ബയോഗ്യാസ് പ്ലാന്റ് എന്നിവ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>ഇടുക്കി പാക്കേജ്</u>

5984 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി പാക്കേജിനായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചു;

(സി) ഇടുക്കി പാക്കേജിന്റെ ഫണ്ടിൽ നിന്നും മൃഗസംരക്ഷണ മേഖലയ്ക്ക് വേണ്ടി തൃശ്ശൂർ ജില്ലക്ക് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>ഇടുക്കി പാക്കേജ്</u>

5985 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ഇടുക്കി പാക്കേജിനായി എത്ര കോടി രൂപ അനുവദിച്ചിരുന്നു; എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(സി) ലക്ഷ്യമിട്ട പദ്ധതികളുടെ എത്ര ശതമാനം പൂർത്തിയാക്കാൻ കഴിഞ്ഞു;

(ഡി) പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട് വാഹനങ്ങൾ വാങ്ങുന്നതിനും ശമ്പളത്തിനുമായി എത്ര കോടി രൂപ ചെലവഴിച്ചു?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

സഹസ്രസരോവര്‍ പദ്ധതി – കൊല്ലം ജില്ല

5986 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ ഏതെല്ലാം ചിറകളും കുളങ്ങളുമാണ് സഹസ്രസരോവര്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി നവീകരിച്ചത്;

(ബി) ഓരോന്നിനും ചെലവായ തുക എത്രയാണ്;

(സി) ഇതില്‍ കേന്ദ്രവിഹിതം എത്രയാണ്?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ പാടശേഖരങ്ങളുടെ അഭിവൃദ്ധിക്കായുള്ള തോട് നിർമ്മാണ പദ്ധതി

5987 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി. മുഖേന കോഴിക്കോട് ജില്ലയിലെ ഏതൊക്കെ പാടശേഖരങ്ങളുടെ അഭിവൃദ്ധിക്കാണ് തോട് നിർമ്മാണപദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>ഗാലസ പദ്ധതിയിലൂടെ നെല്ല് ഉല്പാദനം</u>

5988

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാലസ പദ്ധതിയിലൂടെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഗാലസ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിലെ ഹൈടെക് കൃഷി</u>

5989 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ ഹൈ-ടെക് കൃഷിക്ക് കാസർകോട് ജില്ലയിൽ എത്ര കർഷകരിൽ നിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് കർഷകൻ, കൃഷിയിടം എന്നിവ തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ചെമ്മീൻകെട്ടും പൊക്കാളി നെൽകൃഷിയും</u>

5990 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെമ്മീൻ കെട്ടുകളായി ഉപയോഗിക്കുന്ന പാടശേഖരങ്ങളിൽ 6 മാസം കൂടി പൊക്കാളി കൃഷി ചെയ്യണമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പാലിക്കുന്നതായി ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) ഇതിനായി നിർമ്മിച്ച ബണ്ടുകൾ മുറിച്ചുമാറ്റിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ ഉത്തരവാദികൾ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് ഭൂമി മാഫിയയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നാളികേര ടെക്നോളജി മിഷന്റെ പ്രവര്‍ത്തനം</u>

5991 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, റ്റി.എ. അഹമ്മദ് കബീര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാളികേരത്തില്‍ നിന്നുള്ള മൂല്യവര്‍ദ്ധിതോല്പന്നങ്ങളുടെ സംസ്ക്കരണത്തിനും, ഗവേഷണത്തിനും നാളികേര ടെക്നോളജി മിഷന്റെ അംഗീകാരത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ നാളികേര അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച് വിശദമാക്കുമോ;

(സി) ഇതോടനുബന്ധിച്ച്, ഇപ്പോള്‍ നാശോന്മുഖമായിട്ടുള്ള നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാന്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നാളികേര ഉത്പാദനം</u>

5992 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്ര നാളികേര ബോർഡിന്റെ അഭിമുഖ്യത്തിൽ നാളികേരോല്പാദനത്തിന് സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

കൊപ്ര സംഭരണം

5993 ശ്രീ. ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊപ്ര സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് സംഭരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കൊപ്ര സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങ സംഭരണം</u>

5994 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' എ. റ്റി. ജോർജ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പച്ചത്തേങ്ങ ഏതെല്ലാം ഏജൻസികൾ വഴിയാണ് സംഭരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എത്ര രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പച്ചത്തേങ്ങ സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നെൽകർഷകർക്കുള്ള സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടി</u>

5995 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെൽകർഷകർക്കുള്ള സബ്സിഡി തുക വർദ്ധിപ്പിക്കുമെന്ന സർക്കാർ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ തെങ്ങ് കൃഷി പരിപോഷിപ്പിക്കൽ</u>

5996 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ തെങ്ങ് കൃഷി പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കേടായ തെങ്ങ് മുറിച്ച് മാറ്റി പകരം തെങ്ങിൻതൈയും, വളവും നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇത്തരത്തിൽ നടന്ന പ്രവൃത്തികളുടെ കണക്ക് കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) കൃഷിവകുപ്പ് നൽകുന്ന രാസവളം എവിടെ നിന്നാണ് വാങ്ങുന്നതെന്നും, ഈ ഇനത്തിൽ എത്ര രൂപയുടെ ഉത്തരവാണ് 2010 മുതൽ 2014 വരെ നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(ഡി) എഫ്.എ.സി.റ്റി. പോലുള്ള സർക്കാർ സ്ഥാപനത്തിനാണോ പ്രസ്തുത ഉത്തരവ് നൽകിയതെന്നും അല്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് നൽകിയതിന്റെ കാരണവും വ്യക്തമാക്കാമോ;

(ഇ) എഫ്.എ.സി.റ്റി.യിൽ നിന്നും അല്ലാതെ കൃഷി വകുപ്പ് വാങ്ങിയ രാസവളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്ന ഏജൻസി ഏതാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

തെങ്ങുകളിലെ കീടനിയന്ത്രണം

5997 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകളിൽ കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ കീടങ്ങളുടെ ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് തടയുവാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നീ കീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി ഫെറമോൺ കെണികൾ കൃഷിഭവനുകൾ മുഖേന സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

5998 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ 2010-ൽ ഉണ്ടായിരുന്നതിനെക്കാൾ കുറവ് വന്നിട്ടുണ്ടോ;

(ബി) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷിയിലേയ്ക്ക് യുവജനങ്ങളെ തൽപരരാക്കുന്നതിനും വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

തരിശ് നെൽകൃഷി പുനരുദ്ധാരണ പദ്ധതി

5999 ശ്രീ. ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ൽ തരിശ് നെൽകൃഷി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ ;

(ബി) 2012-13-ൽ തഴക്കര പഞ്ചായത്തിൽ 150 ഏക്കർ ഭൂമി തരിശുനിലം കൃഷി ചെയ്തതിൽ കർഷകർക്ക് നല്കാനുള്ള ധനസഹായം കുടിശ്ശികയാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് അടിയന്തരമായി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മാവേലിക്കരയിൽ ആരംഭിക്കുന്ന റൈസ് ബയോ പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>തരിശു നിലങ്ങളിൽ കൃഷിയിറക്കൽ</u>

6000 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലവിൽ ഉണ്ട്;

(ബി) എത്ര ഹെക്ടർ നെൽകൃഷി സ്ഥലമാണ് കൃഷി ചെയ്യാതെ കർഷകർ തരിശിട്ടിരിക്കുന്നത്;

(സി) തരിശു നിലങ്ങളിൽ കൃഷി ഇറക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>കൃഷിഭവനുകൾ വഴിയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം</u>

6001 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകൾ വഴിയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) എന്തെല്ലാം കാർഷിക വിളകളാണ് സംഭരിക്കുന്നത് ; എത്ര കൃഷി ഭവനുകളിൽ സംഭരണ പദ്ധതി ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>പമ്പുസെറ്റുകളുടെ ഗുണമേന്മ</u>

6002 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിക്കായി പമ്പുസെറ്റുകൾ വാങ്ങുന്നതിന് വകുപ്പിൽ നിന്നും വിലയുടെ എത്ര ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്;

(ബി) പമ്പ്സെറ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് ഏറ്റവും പുതിയ ഉത്തരവ്/സർക്കുലറിന്റെ സാരാംശം വെളിപ്പെടുത്തുമോ;

(സി) ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിലവിൽ സബ്സിഡി ലഭ്യമാക്കിയിട്ടുള്ള കർഷകർക്കും പ്രസ്തുത ഉത്തരവ് ബാധകമാണോ;

(ഇ) എങ്കിൽ പുതിയതായി പമ്പ്സെറ്റ് വാങ്ങിക്കുന്നതിന് സഹായകമായ പദ്ധതി നടപ്പിലാക്കുമോ?

**കേരള നിയമസഭ**
**07.07.2014–ലെ മറുപടിക്ക്**

<u>പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കുന്ന കർഷകർക്ക് വൈദ്യുതി ചാർജിന് സബ്സിഡി</u>

6003 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കുന്ന കർഷകർക്ക് വൈദ്യുതി ചാർജിന് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ സബ്സിഡി ലഭിക്കുന്ന കർഷകർ ഉപയോഗിക്കുന്ന പമ്പ്സെറ്റുകളുടെ ഗുണമേന്മ നിഷ്കർഷിച്ചു കൊണ്ട് ഏറ്റവും അവസാനം ഇറക്കിയിട്ടുള്ള ഉത്തരവിന്റെ സാരാംശം വെളിപ്പെടുത്തുമോ; ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) പുതിയ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിധേയമായി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പമ്പ്സെറ്റുകൾക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ പമ്പ്സെറ്റ് മാറ്റി പുതിയ പമ്പ്സെറ്റ് സ്ഥാപിക്കാൻ സബ്സിഡി നൽകുമോ; നൽകുന്ന സബ്സിഡി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പത്തനംതിട്ട , ആലപ്പുഴ ജില്ലകളിലെ പാടശേഖരങ്ങളിൽ പമ്പിംഗ് സബ്സിഡി നിരക്കിലുള്ള വ്യത്യാസം</u>

6004 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പാടശേഖരങ്ങളിൽ പമ്പിംഗ് സബ്സിഡി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പമ്പിംഗ് സബ്സിഡി നിരക്കുകൾ കുട്ടനാട്ടിനൊപ്പം അപ്പർകുട്ടനാട്ടിലും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>റാണിചിത്തിര കായൽ പാടശേഖരങ്ങൾ</u>

6005 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിയില്ലാതെ കിടക്കുന്ന റാണിചിത്തിര കായൽ പാടശേഖരങ്ങളിൽ വീണ്ടും കൃഷി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാടശേഖരങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ കൃഷിഭൂമിയുടെ അളവ്</u>

6006

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആകെയുള്ള കൃഷിഭൂമിയുടെ അളവ് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) ഇതിൽ കഴിഞ്ഞ പത്ത് വർഷമായി കൃഷി ചെയ്യാത്ത ഭൂമി എത്രയെന്നു ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>നെല്ലിയാമ്പതി ഫാം</u>

6007 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെല്ലായാമ്പതി ഫാം നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും നഷ്ടം/ലാഭം എത്ര രൂപയാണ്;

(സി) എത്ര തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ആദിവാസികൾ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

കടയ്ക്കൽ സീഡ്ഫാം

6008 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കടയ്ക്കൽ സീഡ്ഫാമിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ കേന്ദ്രം, കർഷക പരിശീലന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

മലബാർ കയ്പാട് ഫാർമേഴ്സ് സൊസൈറ്റി

6009 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന ഫാർമേഴ്സ് സൊസൈറ്റികൾക്ക് എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിലെ മലബാർ കയ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് ഭക്ഷ്യസുരക്ഷാപദ്ധതിക്കായി ഫണ്ട് അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ചെറുകിട കർഷകർക്ക് പലിശരഹിത വായ്പ</u>

6010 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച പ്രകാരം ചെറുകിട കർഷകർക്ക് പലിശരഹിതകാർഷിക വായ്പ ലഭ്യമാക്കിയോ എന്ന് വ്യക്തമാക്കാമോ;

(ബി) പലിശരഹിത കാർഷിക വായ്പ നൽകുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ചെറുകിടകർഷകരുടെ പലിശബാധ്യത പൂർണ്ണമായും എഴുതിതള്ളിയിട്ടുണ്ടോ; ഇതിനായി എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ദേശസാൽകൃത ബാങ്കുകളിൽ നിന്നുള്ള സ്വർണ്ണ പണയത്തിൻമേലുള്ള കാർഷികവായ്പ</u>

6011 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകളിൽ കൃഷിക്കാർക്ക് സ്വർണ്ണപ്പണയത്തിൻമേൽ കുറഞ്ഞ പലിശക്ക് കാർഷിക വായ്പ ലഭ്യമാക്കിയിരുന്നത് മിക്ക ബാങ്കുകളും നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക വായ്പ അനർഹർ നേടുന്നു എന്ന പേരിൽ യഥാർത്ഥ കർഷകർക്കും വായ്പ നിഷേധിക്കുന്ന സാഹചര്യത്തിൽ, കർഷകർക്ക് അനുകൂലമായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) 4 ശതമാനം പലിശക്ക് (മൂന്ന് ശതമാനം സബ്സിഡി കഴിച്ച്) സ്വർണ്ണപ്പണയത്തിൻമേൽ ദേശസാൽകൃത ബാങ്കുകൾ വഴിയും ഷെഡ്യൂൾഡ് ബാങ്കുകൾ വഴിയും കാർഷിക വായ്പ നൽകാനുള്ള നടപടി പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>റബ്ബർ സംഭരണം</u>

6012 ശ്രീ. വി.എസ്. സുനിൽ കുമാർ
'' പി. തിലോത്തമൻ
'' കെ. അജിത്
'' ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ സംഭരണം ആരംഭിച്ചതെന്നുമുതലാണ്;

(ബി) ഈ ഏജൻസികൾ റബ്ബർ സംഭരണം എപ്പോഴെങ്കിലും നിറുത്തി വച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു കാരണത്താലാണ് നിറുത്തി വച്ചതെന്ന് വ്യക്തമാക്കുമോ;

(സി) റബ്ബറിന്റെ ഇപ്പോഴത്തെ സംഭരണ വില എത്രയാണ്;

(ഡി) സംസ്ഥാനത്ത് റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ടോ?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

റബ്ബറിന്റെ ഇറക്കുമതി തീരുവ

6013 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ ഇറക്കുമതി തീരുവ എത്ര ശതമാനം വർദ്ധിപ്പിച്ചു; തീരുവ വർദ്ധിപ്പിച്ചതിനുശേഷം റബ്ബർ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ വില എത്ര ശതമാനം ഇടിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(സി) റബ്ബർ കർഷകർക്ക് റബ്ബർ ബോർഡിൽ നിന്നും ലഭിക്കുന്ന സഹായം എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനും കേന്ദ്ര സർക്കാരിന് മേൽ സമ്മർദ്ദം ചെലുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

<u>റബ്ബറിന്റെ വിലയിടിവ്</u>

6014 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് മൂലം നാമമാത്ര റബ്ബർകൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുവഴി എത്ര കൃഷിക്കാർക്കാണ് പ്രയോജനം ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>റബ്ബറിന്റെ വിലയിടിവ്</u>

6015 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് തടയാൻ ഇറക്കുമതിച്ചുങ്കം ഉയർത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗൺമെന്റിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ;

(ബി) കമ്പനികൾക്ക് ആവശ്യമുള്ള റബ്ബറിന്റെ എത്ര ശതമാനം വരെ ഇറക്കുമതി ചെയ്യാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(സി) വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ കൂടുതൽ റബ്ബർ കമ്പനികൾ ഇറക്കുമതി ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുമോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>പട്ടണക്കാട് കാർഷിക കോളേജിലെ കോഴ്സുകൾ</u>

6016 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടണക്കാട് കാർഷിക കോളേജിൽ പി. ജി. ബ്ലോക്ക് നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(ബി) പട്ടണക്കാട് കാർഷിക കോളേജിൽ എം. എസ്സി. അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ കോഴ്സുകൾ ഏതെങ്കിലും കാരണത്താൽ മാറ്റാൻ നീക്കം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകാരണത്താലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കോഴ്സുകൾ മാറ്റാനുള്ള നീക്കത്തിനെതിരായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടണക്കാട് കാർഷിക കോളേജിൽ തന്നെ പ്രസ്തുത കോഴ്സുകൾ തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കര്‍ഷക പെന്‍ഷന്‍</u>

6017 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷക പെന്‍ഷന്‍ അനുവദിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങള്‍ അടിസ്ഥാനമാക്കിയാണ് എന്ന് വിശദമാക്കുമോ;

(ബി) ഒരേ റേഷന്‍ കാര്‍ഡില്‍ പേരുള്ള ഒരു കുടുംബത്തിലെ എത്ര പേര്‍ക്ക് വരെ കര്‍ഷകപെന്‍ഷന്‍ അനുവദിക്കും എന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് ക്ഷേമപെന്‍ഷനുകള്‍ ഏതെങ്കിലും വാങ്ങുന്നവര്‍ക്ക് കര്‍ഷക പെന്‍ഷന്‍ അനുവദിക്കുവാന്‍ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കര്‍ഷകപെന്‍ഷന്‍ സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സര്‍ക്കുലറുകളുടെയും പകര്‍പ്പുകള്‍ ലഭ്യമാക്കുമോ;

(ഇ) എത്ര രൂപയാണ് കര്‍ഷക പെന്‍ഷനായി നല്‍കുന്നതെന്നും 31.05.2014 വരെ എത്ര രൂപ ഈ ഇനത്തില്‍ കുടിശികയുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ

6018 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാമമാത്ര കർഷകർക്ക് എന്നു മുതൽ പെൻഷൻ നൽകി തുടങ്ങിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കർഷകർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്;

(സി) പെൻഷൻ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എന്നു മുതലുള്ളത് കൊടുത്തുതീർക്കാനുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കർഷക പെൻഷൻ - കാസർഗോഡ് ജില്ല</u>

6019 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നുണ്ടോ;

(സി) നിലവിൽ എത്ര ഗഡു കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

പുറക്കാട് കൃഷിഭവനിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

6020 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് കൃഷിഭവനിൽ എത്ര ജീവനക്കാരുണ്ട് ; ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരുടെ അഭാവം കാരണം പുറക്കാട് പ്രദേശത്തെ കർഷകർക്ക് കൃഷിഭവനിൽ നിന്നും സേവനങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കൃഷി ഓഫീസർമാരുടെ തസ്തികകൾ</u>

6021 ശ്രീ. കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർമാരുടെ ആകെ എത്ര തസ്തികകളാണ് ഇപ്പോൾ ഒഴിവുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ സർക്കാർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇനിയും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാനുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA-1502/2012 എന്ന നമ്പർ പെറ്റീഷന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പ് ഡയറക്ടറും ട്രിബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കൃഷി വകുപ്പിൽ ഡയറക്ടറുടെ ഉത്തരവ് നമ്പർ എസ്.ഡി.(1)26167/11 തീയതി 02.08.2012 പ്രകാരം കൃഷി ഓഫീസർമാരായി താൽക്കാലികമായി പ്രൊമോഷൻ നൽകി നിയമനം നൽകിയിരുന്ന 24 കൃഷി അസിസ്റ്റന്റുമാർ ഇപ്പോഴും ഈ വകുപ്പിൽ ഓഫീസർമാർ ആയി തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ അവർ ഏത് സാഹചര്യത്തിലാണ് കൃഷി ഓഫീസർമാർ ആയി തുടരുന്നതെന്ന് വ്യക്തമാക്കുമോ; ഈ വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ളത് എത്ര ശതമാനം ക്വാട്ടയാണെന്നും ആയതിൻ പ്രകാരം എത്ര പേർ ഇപ്പോൾ ഈ തസ്തികയിൽ സേവനം അനുഷ്ഠിച്ച് വരുന്നുവെന്നും വ്യക്തമാക്കുമോ; ടി 24 കൃഷി ഓഫീസർമാരെ നിലനിർത്തിക്കൊണ്ടുള്ള പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മേൽസൂചിപ്പിച്ച ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയ 24 പേർ കൃഷി ഓഫീസർമാരായി സർവ്വീസിൽ തുടരുന്നത് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA-NO-1502/2012 തീയതി 24.07.2012-ലെ വിധി

യുടെ ലംഘനമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതി വിധി മാനിച്ച് ഇവരെ റിവർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കൃഷി വകുപ്പ് ഡയറക്ടറുടെ മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം കൃഷി ഓഫീസർമാരായി താൽക്കാലികമായി നിയമിക്കപ്പെട്ട ടി ആളുകൾ കൃഷി ഓഫീസർമാരായി ഇപ്പോഴും സർവ്വീസിൽ തുടരുന്നത് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA-NO-1502/2012 നമ്പർ പെറ്റീഷന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കൃഷി വകുപ്പ് ഡയറക്ടറും സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ ലംഘനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ട്രിബ്യൂണലിൽ നൽകിയ സത്യവാങ്മൂലം പാലിക്കുന്നതിനനുസൃതമായ സത്വര നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പടന്നക്കാട്, പീലിക്കോട് കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ</u>

6022 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പടന്നക്കാട്, പീലിക്കോട് കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ അദ്ധ്യാപക തസ്തികകളടക്കമുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കൃഷി ഓഫീസർമാരുടെ ഒഴിവുകൾ</u>

6023 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കൃഷി ഓഫീസർ തസ്തികയിൽ എത്ര പേർക്ക് താൽക്കാലിക പ്രമോഷൻ നൽകി നിയമനം നൽകിയിട്ടുണ്ട്; ഇപ്പോഴും പ്രസ്തുത തസ്തികയിൽ അവർ തുടരുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റ്മാരുടെ ഒഴിവുകൾ</u>

6024 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ കൃഷി അസിസ്റ്റന്റ്മാരുടെ തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരാണ് നിലവിൽ ജോലി ചെയ്യുന്നത്;

(ബി) സ്ഥിരം ജീവനക്കാരായ കൃഷി അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) എൻ.ജെ.ഡി. ഒഴിവുകൾ, മരണം നിമിത്തം വന്ന ഒഴിവുകൾ എന്നിവ നികത്താൻ പി.എസ്.സി.ക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) 31.03.2014-ൽ പി.എസ്.സി ശുപാർശ നല്കിയ 125 ഒഴിവുകളിൽ പ്രമോഷൻ, റിട്ടയർമെന്റ് എന്നിവ വഴി ഉണ്ടായ ഒഴിവുകൾ എത്രയെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>അഗ്രികള്‍ച്ചറല്‍ അസിസ്റ്റന്റുമാരുടെ തസ്തികകള്‍</u>

6025 ശ്രീ. ബി സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിവകുപ്പില്‍ അഗ്രികള്‍ച്ചറല്‍ അസിസ്റ്റന്റുമാരുടെ എത്ര തസ്തികകളാണ് ആകെ നിലവിലുള്ളത്;

(ബി) അഗ്രികള്‍ച്ചറല്‍ അസിസ്റ്റന്റ് തസ്തികയില്‍ താല്കാലിക അടിസ്ഥാനത്തിലോ, ദിവസവേതന അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്രപേരെ;

(സി) അഗ്രികള്‍ച്ചറല്‍ അസിസ്റ്റന്റ് തസ്തികയില്‍ നിന്നും എത്ര പേര്‍ മറ്റ് വകുപ്പുകളില്‍ ഡെപ്യൂട്ടേഷനില്‍ ജോലി ചെയ്യുന്നുണ്ട്?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>ഫാം സ്കൂൾ പദ്ധതി</u>

6026 ശ്രീ. കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് 'ഫാം സ്കൂൾ പദ്ധതി'ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കാലിത്തീറ്റ വിതരണ പദ്ധതി</u>

6027 ശ്രീ. അൻവർ സാദത്ത്
'' ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് കാലിത്തീറ്റ വിതരണ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കുളമ്പുരോഗബാധിതരായ കന്നുകാലികളുടെ അനധികൃത കടത്ത്</u>

6028 ശ്രീ. എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, എസ്. രാജേന്ദ്രൻ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തു നിന്നും കുളമ്പുരോഗം ബാധിച്ച കന്നുകാലികളെ മാംസാവശ്യത്തിനായി സംസ്ഥാനത്ത് എത്തിക്കുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചെക്ക്പോസ്റ്റുകളിലെ പരിശോധന കുറ്റമറ്റതാക്കി കുളമ്പുരോഗം പടരുന്നത് തടയാൻ കാര്യക്ഷമമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പശുക്കളിലെ കുളമ്പുരോഗ ബാധ</u>

6029 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം സംസ്ഥാനത്ത് പശുക്കളിൽ വ്യാപകമായി പിടിപെട്ട കുളമ്പുരോഗം എത്ര പശുക്കളെ ബാധിച്ചു എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കാഫ് അഡോപ്ഷൻ പദ്ധതിയും കന്നുകാലികളുടെ പ്രത്യേക പ്രജനന പദ്ധതിയും

6030 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ
ശ്രീ. രാജു എബ്രഹാം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ പ്രത്യേക പ്രജനന പദ്ധതിയും സഹകരണ സംഘങ്ങൾ വഴിയുള്ള കാഫ് അഡോപ്ഷൻ പദ്ധതിയും പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യവും നേട്ടവും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കന്നുകുട്ടി പരിപാലന പദ്ധതി</u>

6031 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര ക്ഷീരകർഷകർക്ക് സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കന്നുകുട്ടി പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് വരുമാനപരിധി ഇല്ലാതെ ക്ഷീരകർഷകർക്ക് സഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കന്നുകുട്ടി പരിപാലന പദ്ധതി</u>

6032 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ
വയനാട് ജില്ലയ്ക്കായി പ്രത്യേക പദ്ധതി

6033 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ മൃഗാശുപത്രികൾ

6034 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആകെ എത്ര മൃഗാശുപത്രികൾ നിലവിലുണ്ട് ;

(ബി) സ്വന്തമായി കെട്ടിടമുള്ള മൃഗാശുപത്രികൾ ഏത് ; വി.എഫ്.പി.സി.കെ. പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര തഴക്കരയിൽ ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത് ആരംഭിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും തടസ്സങ്ങൾ നിൽക്കുന്നുണ്ടോ ; ഇതിനാവശ്യമായി വരുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മാവേലിക്കര തഴക്കര ഹോർട്ടികോർപ്പിൽ നിലവിൽ ജീവനക്കാരുടെ എണ്ണം കുറവുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കുറവുണ്ടെങ്കിൽ ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കോട്ടപ്പള്ളിയിൽ മൃഗാശുപത്രി</u>

6035 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കോട്ടപ്പള്ളിയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നത് സംബന്ധിച്ച് 26795/എ.എച്ച്. ജി2/2012/എഡി എന്ന ഫയലിൽ എന്തെല്ലാം നടപടികളും തീരുമാനങ്ങളും എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ നൽകിയ നിർദ്ദേശത്തിന് അനുസൃതമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശുപാർശ നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

6036 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ ബി.വി.എസ്.സി & എ.എച്ച് കോഴ്സുകളിൽ നിലവിൽ എത്ര സീറ്റുകളാണുള്ളത്;

(ബി) സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത കോഴ്സിന് എൻ.ആർ.ഐ. ക്വാട്ട അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) കേരളത്തിലെ സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ എൻ.ആർ.ഐ. ക്വാട്ട ആരംഭിക്കുന്നത് നിലവിലുള്ള ഹൈക്കോടതി വിധിയുടെ ലംഘനമാവില്ലേ; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>വെറ്ററിനറി സർവ്വകലാശാലയിൽ വിദ്യാർത്ഥി പ്രവേശനം</u>

6037 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയിൽ വിദ്യാർത്ഥി പ്രവേശനത്തിന് എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്കാണ് എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചിട്ടുള്ളത്; എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട്; എത്ര രൂപയാണ് ഫീസ്;

(സി) എൻ.ആർ.ഐ. സീറ്റുകൾ അനുവദിക്കാൻ തീരുമാനിച്ചത് സർക്കാരാണോ സർവ്വകലാശാലയാണോ;

(ഡി) സർക്കാരാണെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സർവ്വകലാശാലയാണെങ്കിൽ എന്നാണ് തീരുമാനമെടുത്തത്; വൈസ് ചാൻസലറുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ കോളേജിലോ സർവ്വകലാശാലയിലോ എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചതായി വകുപ്പിന്റെയോ വെറ്ററിനറി സർവ്വകലാശാലയുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ എൻ.ആർ.ഐ. സീറ്റുകൾ അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

6038 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതി മുഖേനയും കർഷകന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) മുട്ടക്കോഴികൾക്കായുള്ള ചെറുകിട പൗൾട്രിഫാമുകൾ തുടങ്ങുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ഡി) മുട്ടക്കോഴി വളർത്തലിലെ പ്രധാന ചെലവിനമായ കോഴിത്തീറ്റക്ക് സബ്സിഡി നൽകുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ഇ) മുട്ടക്കോഴികൾക്ക് ഇൻഷ്വറൻസ് നടപ്പിലാക്കുവാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കോഴിയിറച്ചി ഇറക്കുമതി</u>

6039 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിയിറച്ചി ഇറക്കുമതിവർധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013 ജനുവരി മുതൽ ഡിസംബർ വരെ അന്യസംസ്ഥാനങ്ങളിൽനിന്നും എത്ര ടൺ കോഴിയിറച്ചി ഇറക്കുമതി ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഡി) ഏറ്റവുമധികം കോഴിയിറച്ചി ഏത് സംസ്ഥാനത്തിൽ നിന്നാണ് എത്തുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**കോഴി വളർത്തി ഉപജീവനം നടത്തുന്നവരെ കർഷകരായി അംഗീകരിക്കാൻ നടപടി**

6040 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തി ഉപജീവനം നടത്തുന്നവരെ കർഷകരായി അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധമായ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇവരെ കൂടി കർഷകരായി അംഗീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

സ്റ്റേഷനറി വകുപ്പിൽ നിന്നും നൽകിവരുന്ന
സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം

6041 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും എം.എൽ.എ. മാർക്കും മന്ത്രിമാർക്കും സ്റ്റേഷനറി വകുപ്പിൽ നിന്നും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ സർക്കാരിന് വിതരണം ചെയ്ത ഏതെങ്കിലും കമ്പനികളിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

## കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

ഡ്യൂട്ടി സമയത്ത് മദ്യപിച്ച പ്രസ്സ് ജീവനക്കാർക്കെതിരെ നടപടി

6042 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഴൂർ സർക്കാർ പ്രസ്സിൽ ഏതെങ്കിലും ജീവനക്കാർ ഡ്യൂട്ടിക്കിടെ മദ്യപിച്ചതിന് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ ആരൊക്കെയാണന്നും അവരുടെ തസ്തികകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ടി ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുവാൻ വിജിലൻസ് വിഭാഗം ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>അച്ചടി വകുപ്പിലെ ജീവനക്കാരുടെ പെരുമാറ്റച്ചട്ട ലംഘനം</u>

6043 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ഒരു ജീവനക്കാരൻ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി ഗവൺമെന്റ് പ്രസ്സിലെ സൂപ്രണ്ടിനോട് അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് ടി സൂപ്രണ്ടിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരന്റെ പേര്, തസ്തിക എന്നിവ വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ പരാതിയിന്മേൽ നടപടി സ്വീകരിക്കുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും ഇല്ലെങ്കിൽ അത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ?